**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1644** **11-10-2024 - ൽ മറുപടിയ്ക്ക്**

**നെടുമ്പനയിലെ സ്മാർട്ട് കൃഷി ഭവൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെടുമ്പനയിൽ ആരംഭിച്ചിട്ടുള്ള സ്മാർട്ട് കൃഷിഭവന്റെ കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | ആർ.ഐ.ഡി.എഫ്.-XXVII-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതും കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തരം 2023-ൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച് 10% പുരോഗതി കൈവരിച്ചതുമായ നെടുമ്പന സ്മാർട്ട് കൃഷിഭവൻ നിർമ്മാണം, ഭൂമിയുമായി ബന്ധപ്പെട്ട തർക്കം മൂലം കൊല്ലം ജില്ലാ കളക്ടറുടെ 19.03.2024ലെ സ്റ്റോപ്പ് മെമ്മോ പ്രകാരം നിർത്തി വയ്ക്കേണ്ടതായി വന്നിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കുന്നതിനായി കൊല്ലം ജില്ലയിൽ നെടുമ്പന വില്ലേജിൽ ബ്ലോക്ക് നം. 20 സർവെ നം 186/9-ൽപ്പെട്ട 18.22 ആർ സ്ഥലത്തിൽ നിന്നും പ്രസ്തുത 15 സെന്റ് സ്ഥലം കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് അനുവദിക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടർ 09.07.2024-ൽ കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ